# പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2343** **12.03.2020** ലെ മറുപടിയ്ക്ക്

**<u>പട്ടികജാതി-വർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ</u>**

| | ചോദ്യം<br><br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>എ.കെ.ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
|---|---|---|---|
| എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളിൽ കുറവ് വന്നിട്ടില്ലെന്ന തരത്തിലുള്ള റിപ്പോർട്ടുകൾ പട്ടികജാതി-പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച സർക്കാരിന്റെ വിലയിരുത്തൽ എന്താണെന്ന് വ്യക്തമാക്കുമോ; | എ) | ഉണ്ട്. കേസുകൾ രജിസ്റ്റർ ചെയ്യുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തുന്നുണ്ട്. അതിക്രമങ്ങൾ തടയുന്നതിന് കർശനമായ നിയമ നടപടികൾ ആഭ്യന്തര വകുപ്പും ബോധവൽക്കരണ പ്രവർത്തനങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും നടത്തി വരുന്നുണ്ട്. |
| ബി) | ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും ഇത്തരം എത്ര കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; ഇതിൽ എത്ര കേസുകളിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട് ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി വിഭാഗങ്ങൾക്ക് നേരെ ഉണ്ടായിട്ടുള്ള അതിക്രമങ്ങൾ സംബന്ധിച്ച വർഷം തിരിച്ചുള്ള കേസുകളുടെ കണക്കും സ്വീകരിച്ച നടപടിയും ചുവടെ ചേർക്കുന്നു. |

| വർഷം | ആകെ എഫ്.ഐ. ആർ ലഭിച്ച കേസുകളുടെ എണ്ണം | ആശ്വാസ ധനസ ഹായം നൽകിയ കേസുക ളുടെ എണ്ണം | ആകെ ചാർജ്ജ് റിപ്പോർട്ട് നൽകിയ കേസുക ളുടെ എണ്ണം | ആശ്വാസ ധനസ ഹായം നൽകിയ കേസുക ളുടെ എണ്ണം |
|---|---|---|---|---|
| 2016 | 980 | 219 | 555 | 206 |
| 2017 | 1115 | 334 | 648 | 309 |
| 2018 | 1060 | 486 | 601 | 258 |
| 2019 | 890 | 233 | 323 | 141 |

| | | | |
|---|---|---|---|
| | | | **പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെ രജിസ്റ്റർ ചെയ്യപ്പെട്ടുള്ള കേസുകളുടെ വിവരം ശേഖരിച്ചു വരുന്നു.** |
| സി) | ഈ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് കൂടുതൽ ശക്തമായ ഇടപെടൽ ആവശ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) | 1989 ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമ നിരോധന നിയമ പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ അന്വേഷണം ഊർജ്ജിതമാക്കുകയും നിയമാനുസൃതമായ ആശ്വാസ ധനസഹായം ലഭ്യമാക്കുകയും ചെയ്യുന്നു.<br>1989 ലെ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമ തടയൽ നിയമം ശക്തമായി നടപ്പാക്കുന്നതിലൂടെ പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ അമർച്ച ചെയ്യുന്നതിന് കഴിയുന്നുണ്ട്. ടി നിയമം നടപ്പിലാക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും, അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമസഹായം, അർഹമായ കേസ്സുകളിൽ ആശ്രിതർക്ക് സർക്കാർ ജോലി, ആശ്രിതർക്കുള്ള ധനസഹായം തുടങ്ങിയ പരിരക്ഷകളും ഈ പദ്ധതി ഉറപ്പ് വരുത്തുന്നു. അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും, ടി കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും, പാലക്കാട് ജില്ലയിലെ മണ്ണാർക്കാടും, കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും, വയനാട് ജില്ലയിലെ മാനന്തവാടിയിലും സ്പെഷ്യൽ കോടതികളും ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**